# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 822

10/02/2016-ൽ മറുപടിക്ക്

### ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിപണനം

ചോദ്യം

മറുപടി

ശ്രീ.കെ.എൻ.എ.ഖാദർ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

| | |
|---|---|
| എ) അന്യ സംസ്ഥാനത്തുനിന്നും ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേരളത്തിലെ മരുന്നു വിപണിയിൽ പ്രതിവർഷം 6000 കോടി രൂപയുടെ മരുന്നുകൾ വിപണനത്തിനായി എത്തുന്നു എന്നാണ് ശരാശരി കണക്ക്. ഇവയിൽ നല്ലൊരു ശതമാനവും(98%) അന്യ സംസ്ഥാനങ്ങളിൽ (ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ഉത്തരാഖണ്ഡ്, ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ) നിന്നാണ്. അവശേഷിക്കുന്ന ശതമാനം കേരളത്തിലെ മരുന്നു നിർമ്മാണ യൂണിറ്റുകളിൽ നിന്നാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം ലൈസൻസ് വ്യവസ്ഥകൾക്കും ഗുഡ്മാനുഫാക്ച്ചറിംഗ് പ്രാക്ടീസ്, ഗുഡ് ലബോറട്ടറി പ്രാക്ടീസ് എന്നീ മാനദണ്ഡങ്ങൾക്കും വിധേയമായാണ് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റികൾ മരുന്ന് നിർമ്മാണത്തിനായി ലൈസൻസുകൾ അനുവദിക്കുന്നത്. ഇത്തരത്തിൽ കേരളത്തിൽ എത്തുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി വളരെ ശക്തമായ മരുന്നു വിതരണ ശൃംഖലയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. അന്യ സംസ്ഥാനത്തു നിന്ന് ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഈ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നുണ്ടോയെന്ന കാര്യം വിലയിരുത്തുന്നുണ്ടോ; | ബി) സംസ്ഥാന വിപണിയിൽ വിതരണം ചെയ്യുന്നതും ഗവൺമെന്റ്/സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതുമായ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ അവയുടെ റാന്റം സാമ്പിളുകൾ ശേഖരിച്ച് വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വകുപ്പിന് കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ (തിരുവനന്തപുരം,എറണാകുളം) അയയ്ക്കുന്നുണ്ട് ഇത്തരത്തിൽ പ്രതിവർഷം ഇപ്പോൾ 6000 മരുന്നു സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വളരെ തുച്ഛമായ ശതമാനം മരുന്നു മാത്രമാണ് ഗുണനിലവാരം |

| | |
|---|---|
| | കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നത്. ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ(ഇംപ്രോപ്പർ സ്റ്റോറേജ്/ട്രാൻസ്പോർട്ടേഷൻ) ഗുണ നിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നവയിൽ ഗുരുതരമായ വീഴ്ചകൾക്ക് നിർമ്മാതാവിനെതിരെ നിയമനടപടികളും മൈനർ വീഴ്ചകൾക്ക് മരുന്നു നിർമ്മാണ ലൈസൻസ് സസ്പെൻഷൻ, റദ്ദാക്കൽ എന്നീ വകുപ്പുതല നടപടികൾക്കായി ബന്ധപ്പെട്ട അസി. ഡ്രഗ്സ് കൺട്രോളർമാരോട് ശുപാർശ ചെയ്യുന്നുണ്ട് |
| സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ അളവും മറ്റ് മെഡിക്കൽ ഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന അളവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ വിഹിതം ആകെയുള്ളതിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ; | സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്നതും മെഡിക്കൽ ഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതുമായ മരുന്നുകൾ സംബന്ധിച്ച താരതമ്യ പഠനം നടത്തിയിട്ടില്ല. |
| ഡി) ഡോക്ടർമാർ നിർദ്ദേശിക്കാത്ത പ്രൊപ്പഗാൻഡ മരുന്നുകൾ കമ്പനികൾ കച്ചവടക്കാരെ സ്വാധീനിച്ച് ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ